**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 217** **24-02-2026 - ൽ മറുപടിയ്ക്ക്**

**ഗോത്രവിഭാഗത്തിൽപ്പെട്ടവരുടെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഗോത്രവിഭാഗത്തിൽപ്പെട്ടവരുടെ ഇടയിൽ പോഷകാഹാരക്കുറവ് മൂലം ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | **പട്ടികവർഗ വികസന വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും മെഡിക്കൽ ക്യാമ്പുകൾ നടത്തുമ്പോൾ ചില പട്ടികവർഗ മേഖലകളിൽ പോഷകമൂല്യങ്ങൾ കുറവുള്ളതായും ആയതിന്റെ ഫലമായി ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതു പരിഹരിക്കുന്നതിലേക്കായി ഫുഡ് സപ്പോർട്ട് പദ്ധതി, ജനനി ജന്മരക്ഷ, അരിവാൾ രോഗികൾക്കുള്ള ധനസഹായം എന്നീ പദ്ധതികൾ മുഖേന ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഈ മേഖലകളിൽ സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി ആവശ്യമായ ആരോഗ്യ പരിചരണം ഉറപ്പുവരുത്തുന്നുണ്ട്. അട്ടപ്പാടിയിൽ പോഷകാഹാരക്കുറവ് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മില്ലറ്റ് വില്ലേജ്, നമത് വെള്ളാമെ, കമ്മ്യൂണിറ്റി കിച്ചൻ എന്നീ പദ്ധതികളും നടപ്പാക്കുന്നുണ്ട്.** |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി പ്രത്യേക കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | **അട്ടപ്പാടിയിൽ ആരോഗ്യ വകുപ്പിന് കീഴിൽ 3 ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ പട്ടികവർഗ വികസന വകുപ്പിന് കീഴിൽ പോഷകാഹാരകുറവ് പരിഹരിക്കുന്നതിനായി മറ്റു പ്രത്യേക കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള സംവിധാനങ്ങൾ വഴി ചുവടെ പറയും പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വകുപ്പിന്റെ വിവിധ പ്രോജക്ട് ആഫീസ്/പട്ടികവർഗ വികസന ആഫീസ് മുഖേന നടപ്പിലാക്കുന്ന ഭക്ഷ്യ സഹായ പദ്ധതി പ്രകാരം സെറ്റിൽമെന്റിൽ പോഷകമൂല്യങ്ങളടങ്ങിയ ഭക്ഷ്യകിറ്റ് വിതരണം നടത്തുകയും ഗർഭിണികളിലും മുലയൂട്ടുന്ന അമ്മമാരിലും ഉണ്ടാകുന്ന അപപോഷണം പരിഹരിക്കുന്നതിനായി** |

| | | | |
|---|---|---|---|
| | | | ജനനീ-ജൻമരക്ഷാ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിച്ചു വരികയും ചെയ്യുന്നുണ്ട്.<br><br>ഈ വിഷയം ആരോഗ്യം, വനിതാ ശിശുവികസനം, തദ്ദേശ സ്വയം ഭരണം, പൊതു വിതരണം എന്നീ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ആരോഗ്യ വകുപ്പിന്റെ പ്രൈമറി ഹെൽത്ത് സെന്റർ എന്നിവ മുഖേന നടത്തി വരുന്ന മെഡിക്കൽ ക്യാമ്പുകളിൽ കൃത്യമായ പരിശോധനകൾ നടത്തി ആവശ്യമായ മരുന്നുകൾ സെറ്റിൽമെന്റുകളിൽ നൽകി വരുന്നുണ്ട്. പരിശോധനകളിൽ അപപോഷണം നേരിടുന്നവരിൽ ഡോക്ടർ നിർദ്ദേശിക്കുന്നവർക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ എത്തിച്ചു നൽകുന്നു. വനിതാ ശിശു വികസന വകുപ്പ് മുഖേന 6 വയസിന് താഴെയുള്ള കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഭക്ഷ്യ വസ്തുക്കൾ നൽകി വരുന്നുണ്ട്.<br><br>യൂണിസെഫിന്റെ സാമ്പത്തിക സഹായത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിയമിച്ചിരിക്കുന്ന ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രീഷൻ കൺസൾട്ടന്റ് ഇത്തരത്തിൽ പ്രശ്നങ്ങൾ നേരിടുന്ന പ്രത്യേക മേഖലയിലെ ആരോഗ്യ പോഷക കാര്യങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതാണ്. |
| (സി) | പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും എന്തെല്ലാം സേവനങ്ങൾ ആണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | അട്ടപ്പാടിയിൽ ആരോഗ്യ വകുപ്പിന് കീഴിൽ 3 ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഗുരുതര അനീമിയ രോഗമുള്ള പട്ടികവർഗ്ഗ കുട്ടികൾക്കും അമ്മമാർക്കും സെന്ററുകളിൽ കിടത്തി ചികിത്സ നൽകിവരുന്നുണ്ട്. മോഡറേറ്റ് അനീമിയ ഉള്ള കുട്ടികൾക്ക് ചികിത്സയും പോഷകാഹാരവും നൽകിവരുന്നുണ്ട്. ഗുരുതര അനീമിയ ഉള്ള 5 വയസ് വരെയുള്ള കുട്ടികളെ ഉന്നതികളിൽ നിന്നും കണ്ടെത്തി കിടത്തി ചികിത്സ നൽകി കുട്ടികളുടെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ തൂക്കം കൃത്യപ്പെടുത്തിയ ശേഷം മാത്രമാണ് സെന്ററുകളിൽനിന്നും ഡിസ്ചാർജ്ജ് ചെയ്യുന്നത്. കുട്ടികളോടൊപ്പം അമ്മമാർക്കും ടി ദിവസങ്ങളിൽ ഭക്ഷണവും താമസവും നൽകുന്നുണ്ട്. കൂടാതെ കുട്ടികളുടെ കൂടെ നിൽക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ബൈസ്റ്റാൻഡർ അലവൻസും നൽകി വരുന്നുണ്ട്.<br><br>2024-25 സാമ്പത്തിക വർഷത്തിൽ ആസ്പിരേഷൻ ബ്ലോക്കുകളിൽ താമസിച്ച് വരുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച നടപ്പാക്കുന്ന DHARTI |

| | | | | |
|---|---|---|---|---|
| | | | | **AABA JANJATIYA GRAM UTKARSH ABHIYAN (DA-JGUA) പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് മെഡിക്കൽ കോളേജിൽ സിക്കിൾ സെൽ രോഗമുക്തിക്കായി സെന്റർ ഓഫ് കോമ്പീറ്റൻസ് നിർമ്മാണം, സിക്കിൾ സെൽ കൗൺസിലിങ്/അവെയർനെസ്സ് എന്നീ പ്രവൃത്തികൾക്കായി 5,09,02,000/- (അഞ്ച് കോടി ഒൻപത് ലക്ഷത്തി രണ്ടായിരം രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി ആരോഗ്യ വകുപ്പുമായി ചേർന്ന് നടപ്പാക്കി വരുന്നു.** |

സെക്ഷൻ ഓഫീസർ